**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4283.** **25.06.2018 ൽ മറുപടിയ്ക്ക്**

**ലഹരി വസ്തുക്കളുടെ വ്യാപനവും കള്ളക്കടത്തും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ശശി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ ലഹരി വസ്തുക്കളുടെ വ്യാപനവും കള്ളക്കടത്തും തടയുവാനായി എക്സൈസ് വകുപ്പും മറ്റ് ഇതരവകുപ്പുകളുമായി ചേർന്ന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ വ്യാപനവും കള്ളക്കടത്തും തടയുന്നതിനായി എക്സൈസ് വകുപ്പ് എല്ലാ ജില്ലകളിലും ആരോഗ്യവകുപ്പ്, ഡ്രഗ്സ് കൺട്രോൾ ഇൻസ്പെക്ടർ എന്നിവരുമായി ചേർന്ന് ലൈസൻസ്ഡ് മെഡിക്കൽ സ്ഥാപനങ്ങളിലും, ജില്ലാ പോലീസ്, തീരദേശ പോലീസ്, റവന്യൂ എന്നീ വകുപ്പുകളുമായി ചേർന്ന് തീരപ്രദേശങ്ങളിലും പ്രശ്നബാധിത പ്രദേശങ്ങളിലും സംയുക്ത പരിശോധനകളും റെയിഡുകളും നടത്തി വരുന്നുണ്ട്. ഫോറസ്റ്റ് വകുപ്പുമായി ചേർന്ന് വനമേഖലകളിലും, ആർ.പി.എഫ്-മായി ചേർന്ന് ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും പരിസരങ്ങളിലും ശക്തമായ രീതിയിൽ അതാത് മേഖലകളിൽ പരിശോധനകളും റെയിഡുകളും നടത്തി വരുന്നുണ്ട്. കൂടാതെ ഇതര സംസ്ഥാന പോലീസ് വകുപ്പുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിൽ പരിശോധനയും വാഹന പരിശോധനകളും തുടർച്ചയായി നടത്തി വരുന്നു. ലഹരി വസ്തുക്കളുടെ വ്യാപനവും കള്ളക്കടത്തും തടയുവാനായി എക്സൈസ് വകുപ്പും ഇതര എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് |

| | | | |
|---|---|---|---|
| | | | സംയുക്ത യോഗങ്ങൾ കൂടുകയും ലഹരി വസ്തുക്കളുടെ വ്യാപനവും കള്ളക്കടത്തും സംബന്ധിച്ച വിവരങ്ങൾ പരസ്പരം കൈമാറി ലഹരി വസ്തുക്കളുടെ വ്യാപനത്തിനും കള്ളക്കടത്തിനുമെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് 2016-17,2017-18 വർഷങ്ങളിൽ എക്സൈസ് വകുപ്പും മറ്റ് ഇതര വകുപ്പുകളും എടുത്തിട്ടുള്ള കേസ്സുകൾ എത്ര; എത്ര പേരെ അറസ്റ്റ് ചെയ്തു; എന്തെല്ലാം ലഹരി വസ്തുക്കളാണ് പിടിച്ചെടുത്തിട്ടുള്ളത്; വ്യക്തമാക്കാമോ ; | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളിൽ എത്ര കേസ്സുകളിലായി എത്ര പ്രതികളെ പിടികൂടാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ ? | (സി) | 2016-17 ൽ ഒരു പ്രതിയെ പിടികൂടുവാനുണ്ട്. കാസർഗോഡ് ഡിവിഷനിൽ ഹോസ്ദുർഗ്ഗ് റെയ്ഞ്ചിലെ സി.ആർ. നം.138/2016 കേസിൽ സതീശൻ S/o സത്യൻ എന്നയാളെ അറസ്റ്റ് ചെയ്യുവാനുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| വർഷം | കേസ്സ് | അറസ്റ്റ് | പിടിച്ചെടുത്ത ലഹരി വസ്തുക്കൾ | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | കഞ്ചാവ് (കി.ഗ്രാം) | മയക്ക മരുന്നു ഗുളികകൾ | ചരസ് | ഐ. എം. എഫ്. എൽ | ചാരായം | വാഷ് (ലിറ്റർ) | പുകയില ഉത്പന്നങ്ങൾ (കി.ഗ്രാം) | അനധികൃത മദ്യം |
| 2016-17 | 37 | 24 | 24.97 | 75 | | 4 | 60 | 642 | | |
| 2017-18 | 148 | 69 | 110.29 | 20 | 8 ഗ്രാം | 19.5 | 0 | 4805 | 16462 | 807.27 |
| ആകെ | 185 | 93 | 135.26 | 95 | 8 ഗ്രാം | 23.5 | 60 | 5447 | 16462 | 807.27 |

**സെക്ഷൻ ഓഫീസർ**